9. എന്നാൽ, സംഭരിച്ചു വെച്ചിരിക്കുന്ന കശുവണ്ടിയുടെ അളവ് രേഖപ്പെടുത്തിയിട്ടുള്ളതിലും കൂടുതലാണെങ്കിൽ, ടി അളവ് കശുവണ്ടി കരാറുകാരന് കൊടുക്കുന്നതിനും കൊടുക്കാതിരിക്കുന്നതിനുമുള്ള അവകാശം കോർപ്പറേഷനുണ്ടായിരിക്കുന്നതാണ്.

10. എസ്റ്റേറ്റിൽ നിന്നും ഡെലിവറി എടുക്കുന്ന കശുവണ്ടിയുടെ മുഴുവൻ തുകയും ബാധകമായ നികുതികളും അടച്ച് രസീത് വാങ്ങിയതിനു ശേഷമെ കശുവണ്ടി നീക്കം ചെയ്യാൻ പാടുള്ളൂ.

11. കശുവണ്ടി തൂക്കമെടുക്കുന്നത് എസ്റ്റേറ്റ്മാനേജരുടെ സാന്നിദ്ധ്യത്തിലോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിലോ ആയിരിക്കേണ്ടതും ആയതു അളവു-തൂക്ക ഡിപ്പാർട്ട്മെന്റ് സർട്ടിഫൈ ചെയ്തിട്ടുള്ള പ്ലാറ്റ്ഫോം ബാലൻസിൽ ആയിരിക്കുന്നതുമാണ്. പ്ലാന്റേഷൻ കോർപ്പറേഷന്റെ മുതിർന്ന ഉദ്യോഗസ്ഥർക്ക് ഏതുസമയവും തൂക്കം പരിശോധിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

12. സംഭരിച്ച കശുവണ്ടി തരംതിരിച്ചു വില്പനക്ക് അനുവദിക്കുന്നതല്ല.

13. കശുവണ്ടി നീക്കം ചെയ്യുന്നതിനുള്ള പെർമിറ്റോ, ലൈസൻസോ ആവശ്യമെങ്കിൽ ആയത് കരാറുകാരൻ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.

14. ഗവൺമെന്റ് പ്രഖ്യാപിക്കുന്നതായ കുത്തക സംഭരണം മുതലായ ബാധകമാകാവുന്ന എല്ലാ വിൽപ്പനനിയമങ്ങളും ഈ വില്പനക്കും ബാധകമായിരിക്കുന്നതുമാണ്.

15. ടെണ്ടർ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനും, ടെൻഡർ നടപടിക്രമങ്ങൾക്കിടയിൽ യാതൊരു കാരണവും കാണിക്കാതെ എപ്പോൾ വേണമെങ്കിലും ടി ടെൻഡർ മാറ്റിവക്കുന്നതിനും, ടെൻഡർ റദ്ദു ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിഷിപ്തമായിരിക്കുന്നതാണ്. ഇതുസംബന്ധമായി മാനേജിംഗ് യറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും അതിനെ ചോദ്യംചെയ്യാൻ പാടില്ലാത്തതുമാണ്.

16. ടെണ്ടർ കണ്ടിഷനിലോ ടെണ്ടർ നടത്തുന്നതിലോ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും അതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

17. മുഴുവൻ വിലയും അടച്ചു 24 മണിക്കൂറുകൾക്കകം തന്നെ കശുവണ്ടി നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം കശുവണ്ടി സൂക്ഷിച്ചു വയ്ക്കുന്നതിന് കോർപ്പറേഷന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

18. കരാറുകാരൻ ടെണ്ടർ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ടെൻഡർ സ്ഥിരീകരണ ഉത്തരവ് കൈപ്പറ്റി സമയ പരിധിക്കുള്ളിൽ കശുവണ്ടി നീക്കം ചെയ്യാതിരിക്കുകയോ ചെയ്താൽ കോർപ്പറേഷനിൽ കരാറുകാരൻ അടച്ചിരിക്കുന്ന ഇ.എം.ഡി. മുതലായ തുകകൾ കണ്ടുകെട്ടുന്നതും ടെൻഡർ അസ്ഥിരപ്പെടുത്തുന്നതും പുനര് ടെൻഡർ നടത്തുന്നതുമായിരിക്കും. പുനര് ടെൻഡർ വഴി ടി കശുവണ്ടി വിൽക്കുമ്പോൾ കോർപ്പറേഷന് ഉണ്ടാകാവുന്ന നഷ്ടത്തിനും, സകലവിധ ചെലവുകൾക്കും അദ്യ ടെണ്ടറുകാരൻ